പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2413 — 18.07.2011 - ൽ മറുപടിയ്ക്ക്

## സഹകരണ വകുപ്പിലെ ജൂനിയർ ഇൻസ്പെക്ടർ പി.എസ്. സി. റാങ്ക് ലിസ്റ്റ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ.പി.ജയരാജൻ** | | **ശ്രീ. സി.എൻ.ബാലകൃഷ്ണൻ (സഹകരണ വകുപ്പ് മന്ത്രി)** | |
| (എ) | സഹകരണ വകുപ്പിലെ ജൂനിയർ ഇൻസ്പെക്ടർ തസ്തികയിലേക്കുള്ള പി.എസ്.സി.റാങ്ക് ലിസ്റ്റ് നിലവിൽ വന്നത് എപ്പോഴാണെന്ന് വ്യക്തമാക്കുമോ, | (എ) | 2008 ജൂലൈ 14 നാണ് സഹകരണ വകുപ്പിലെ ജൂനിയർ ഇൻസ്പെക്ടർ തസ്തികയിലേയ്ക്കുള്ള പി.എസ്.സി.റാങ്ക് ലിസ്റ്റ് നിലവിൽ വന്നത് |
| (ബി) | പ്രസ്തുത ലിസ്റ്റിൽ നിന്നും നാളിതു വരെ എത്ര പേർക്ക് നിയമനം നൽകിയെന്ന് വ്യക്തമാക്കുമോ, | (ബി) | 803 പേർക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. |
| (സി) | സഹകരണ വകുപ്പിലെ ജൂനിയർ ഇൻസ്പെക്ടർ തസ്തികയിലേക്ക് പി.എസ്.സി.വഴി നേരിട്ടുള്ള നിയമനമല്ലാതെ ഏതെല്ലാം തസ്തികയിലുള്ളവർക്കാണ് പ്രമോഷൻ മുഖേന നിയമനം നൽകുന്നതെന്ന് വ്യക്തമാക്കുമോ, | (സി) | സഹകരണ വകുപ്പിലെ ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ / ഓഡിറ്റർ തസ്തികയിലേയ്ക്കുള്ള നിയമനങ്ങൾ കേരള സഹകരണ സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങൾ 1962 ലെ വ്യവസ്ഥകൾക്ക് അനുസൃതമായാണ് നടത്തുന്നത്. പ്രസ്തുത ചട്ടങ്ങൾ പ്രകാരം ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ / ഓഡിറ്റർ തസ്തികയിലേയ്ക്ക് നേരിട്ടുള്ള നിയമനം, സഹകരണ വകുപ്പിലെയും പുറത്തുള്ള വകുപ്പുകളിലെയും നിശ്ചിത യോഗ്യതയുള്ള യു.ഡി.ക്ലാർക്ക് / യു.ഡി.ടൈപ്പിസ്റ്റുമാർ, വി.ഇ.ഒ. മാർ എന്നിവരിൽ നിന്നും തസ്തികമാറ്റം വഴിയുള്ള നിയമനം എന്നീ നിയമന രീതികളാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. |
| (ഡി) | ഇങ്ങനെയുള്ള ഉദ്യോഗക്കയറ്റ നിയമനം ഏത് അനുപാതത്തിലാണെന്ന് വ്യക്തമാക്കുമോ, | (ഡി) | നേരിട്ടുള്ള നിയമനം, യു.ഡി.സി / യു.ഡി.റ്റി, വി.ഇ.ഒ. മാർഎന്നിവരിൽ നിന്നും തസ്തികമാറ്റം വഴിയുള്ള നിയമനം എന്നിവ 2:2:1 എന്ന അനുപാതത്തിലാണ് നടത്തുന്നത് |
| (ഇ) | ഈ റാങ്ക് ലിസ്റ്റ് നിലവിൽ വന്നതിനു ശേഷം പ്രസ്തുത അനുപാത പ്രകാരം യോഗ്യരായ എത്ര പേർക്കാണ് | (ഇ) | തസ്തിക മാറ്റം വഴി 86 യു.ഡി.ക്ലാർക്കുമാർക്കും 18 യു.ഡി.ടൈപ്പിസ്റ്റുമാർക്കും , 89 വി.ഇ.ഒ. മാർക്കും ജൂനിയർ ഇൻസ്പെക്ടർ / ആഡിറ്റർ |

| | | | |
|---|---|---|---|
| | പ്രമോഷൻ നൽകിയതെന്ന് വ്യക്തമാക്കുമോ, | | തസ്തികയിലേയ്ക്ക് നിയമനം നൽകിയിട്ടുണ്ട്. |
| (എഫ്) | ഇനിയും യോഗ്യതാ മാനദണ്ഡങ്ങൾ അനുസരിച്ച് എത്ര പേർ പ്രസ്തുത അനുപാത പ്രകാരം ഉദ്യോഗക്കയറ്റം അർഹിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ, | എഫ്) | 14.7.2011 തീയതിയിൽ 12 യു.ഡി.ക്ലാർക്ക് / യു.ഡി.ടൈപ്പിസ്റ്റുമാർ, ജൂനിയർ ഇൻസ്പെക്ടർ തസ്തികയിലേയ്ക്ക് നിയമനം ലഭിക്കുന്നതിന് യോഗ്യത നേടിയിട്ടുണ്ട്. 2011 മെയ് മാസത്തെ ജെ.ഡി.സി. പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചതിനു ശേഷമേ മേൽ 12 പേർക്കു പുറമെ എത്ര പേർ കൂടി അർഹരാകുമെന്ന് പറയാൻ സാധിക്കൂ. |
| (ജി) | അത്തരം ജീവനക്കാർക്കുള്ള ഉദ്യോഗക്കയറ്റം നൽകിയതിനു ശേഷം എത്ര തസ്തികകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാനുണ്ടെന്നും 2011 മാർച്ച് 31-ന് ഉണ്ടായ റിട്ടയർമെന്റ് വേക്കൻസി അടക്കം ആകെ എത്ര തസ്തികകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാനുണ്ടെന്നും വ്യക്തമാക്കുമോ, | (ജി & എച്ച്) | സഹകരണ വകുപ്പിൽ ജൂനിയർ ഈൻസ്പെക്ടർ തസ്തികയിൽ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാൻ നിലവിൽ ഒഴിവുകൾ ഒന്നും ഇല്ല. 2011 മാർച്ച് 31 ലെ റിട്ടയർമെന്റ് മൂലമുണ്ടാകാവുന്ന വേക്കൻസികളിൽ സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്ത് നിയമനം നടത്തിയിട്ടുണ്ട്. മൂന്ന് എൻ.ജെ.ഡി. ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതിൽ അഡ്വൈസ് ലഭിക്കുവാനുണ്ട്. |
| (എച്ച്) | സഹകരണ വകുപ്പിലെ ജൂനിയർ ഇൻസ്പെക്ടർ തസ്തികയിൽ ഇന്നു വരെ നിലവിലുള്ള എത്ര ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുന്നും ഏത് കണ്ണു പ്രകാരമാണ് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുതെന്നും വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ